**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1250** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിയ സമഗ്രമായ പ്രവർത്തനങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. സ്റ്റീഫൻ

ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** മുൻ സർക്കാരിന്റെ കാലത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിയ സമഗ്രമായ പ്രവർത്തനങ്ങൾ മുഖേന കേരളത്തിലെ സർവ്വകലാശാലകളും കലാലയങ്ങളും ദേശീയ - അന്തർദേശീയ ഗുണനിലവാര പരിശോധനകളിൽ കൈവരിച്ച മികച്ച നേട്ടങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

**<u>മറുപടി:</u>** മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ സർവ്വകലാശാലകളും കലാലയങ്ങളും ദേശീയ-അന്തർദേശീയ തലത്തിൽ കൈവരിച്ച മികച്ച നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

**<u>1. നാഷണൽ അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിൽ (NAAC) അക്രഡിറ്റേഷൻ:</u>**

i) 2022-ൽ കേരള സർവ്വകലാശാലയ്ക്കും (സ്കോർ: 3.67), 2024-ൽ മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്കും (സ്കോർ: 3.61) NAAC പരിശോധനയിൽ ഏറ്റവും ഉയർന്ന ഗ്രേഡായ A++ ലഭിച്ചു.

ii) നാലാം ഘട്ട NAAC അക്രഡിറ്റേഷനിൽ കാലിക്കറ്റ് സർവ്വകലാശാല (സ്കോർ: 3.45) A+ ഗ്രേഡ് കരസ്ഥമാക്കി. കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയും NAAC അക്രഡിറ്റേഷനിൽ (സ്കോർ: 3.39) A+ ഗ്രേഡ് കരസ്ഥമാക്കിയിട്ടുണ്ട്.

iii) 2021-22 ലെ രണ്ടാം ഘട്ട അക്രഡിറ്റേഷനിൽ എ പ്ലസ് (A+) ഗ്രേഡ് (സ്കോർ: 3.37) നേടുന്ന രാജ്യത്തെ ആദ്യ സംസ്കൃത സർവ്വകലാശാല എന്ന നേട്ടം ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല സ്വന്തമാക്കി.

iv) കണ്ണൂർ സർവ്വകലാശാല നാക് പരിശോധനയിൽ B++ ഗ്രേഡ് (സ്കോർ: 2.85) നേടി.

**<u>2. നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (NIRF):</u>**

2025-ലെ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ റാങ്കിംഗിൽ കേരള സർവ്വകലാശാല, കുസാറ്റ്, മഹാത്മാഗാന്ധി സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല എന്നീ സംസ്ഥാന സർവ്വകലാശാലകൾക്ക് യഥാക്രമം 5, 6, 17, 38 എന്നീ ക്രമത്തിൽ സ്ഥാനങ്ങൾ ലഭിച്ചു.

രാജ്യത്തെ മികച്ച കോളേജുകളുടെ പട്ടികയിൽ ആദ്യ 100 സ്ഥാനങ്ങളിൽ സംസ്ഥാനത്തെ 18 കോളേജുകൾ ഉൾപ്പെട്ടിട്ടുണ്ട്.

**<u>3) അന്തർദേശീയ റാങ്കിംഗുകൾ:</u>**

കേരള യൂണിവേഴ്സിറ്റി ക്യു.എസ് സതേൺ ഏഷ്യ (QS Southern Asia) റാങ്കിംഗിൽ 85-ാം സ്ഥാനവും ക്യു.എസ് (QS) റാങ്കിംഗിൽ മഹാത്മാഗാന്ധി സർവ്വകലാശാല രാജ്യത്തെ സർവ്വകലാശാലകളിൽ രണ്ടാം സ്ഥാനവും നേടി.

**4) മറ്റ് പ്രധാന അംഗീകാരങ്ങളും നേട്ടങ്ങളും**

i) 2025 മാർച്ച് 13-ന് എം.ജി സർവ്വകലാശാലയ്ക്ക് യു.ജി.സി കാറ്റഗറി-1 ഗ്രേഡഡ് ഓട്ടോണമി (UGC Category-I Graded Autonomy) പദവി ലഭിച്ചു.

ii) കാലിക്കറ്റ് സർവ്വകലാശാലയിൽ ഭിന്നശേഷി മാനേജ്മെന്റ് (2020), തദ്ദേശീയ സാംസ്കാരിക പൈതൃകം (2021) എന്നീ വിഷയങ്ങളിൽ രണ്ട് യുനെസ്കോ ചെയറുകൾ (UNESCO Chair) സ്ഥാപിക്കപ്പെട്ടു.

iii) കാലിക്കറ്റ് യൂണിവേഴ്സിറ്റി ബൊട്ടാണിക്കൽ ഗാർഡൻ ഹെർബേറിയത്തിന് ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ നാഷണൽ റെപ്പോസിറ്ററി പദവി (2024) ലഭിച്ചു.

iv) ശ്രീ ശങ്കരാചാര്യ സർവ്വകലാശാല യൂറോപ്യൻ യൂണിയന്റെ ഇറാസ്മസ് പ്ലസ് (Erasmus+), യൂറോപ്യൻ കമ്മീഷന്റെ Erasmus Mundus Joint Master's Programme- (EMJM) പ്രോഗ്രാമുകളിൽ പാർട്ണർ സർവ്വകലാശാലയായി തിരഞ്ഞെടുക്കപ്പെട്ടു.

**സെക്ഷൻ ഓഫീസർ**